II ഇ.ബി. XIകേരള നിയമസഭ/IV24

# പതിനൊന്നാം കേരള നിയമസഭ

നാലാം സമ്മേളനം

# ചോദ്യോത്തരങ്ങൾ - സംഗ്രഹം

2002 ജൂലായ് 19, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

185(*553) ഒരേ രജിസ്റ്റർ നമ്പരിൽ ഒന്നിലധികം ബസ് സർവ്വീസുകൾ

ഗതാഗത വകുപ്പുമന്ത്രി (ശ്രീ.കെ.ബി. ഗണേഷ്കുമാർ) നൽകിയ മറുപടിയിൽ കേരള-കർണ്ണാടക സ്റ്റേററുകളുമായി ബന്ധപ്പെട്ട റൂട്ടിൽ ഒരേ രജിസ്റ്റർ നമ്പരിൽ അനവധി ബസുകൾ ഓപ്പറേറ്റ് ചെയ്യുന്ന കമ്പനികളുണ്ടെന്ന് കർണ്ണാടക ഗതാഗത വകുപ്പ് കണ്ടെത്തിയ വിവരം പത്രവാർത്തകളിലൂടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഒരേ നമ്പറിൽ ഒന്നിലധികം സമാന്തര സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നത് നിയമവിരുദ്ധമാണ്. കേരളത്തിലെ ജനങ്ങൾ സമാന്തര സർവീസ് ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്നതിനാൽ തത്തുല്യമായി കെ.എസ്.ആർ.ടി.സി. ബസ്സുകൾ പ്രൊവൈഡ് ചെയ്യുന്ന മുറയ്ക്ക് ഇത് നിർത്തലാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. ബസ്സിൽ മദ്യമടക്കം നിരവധി സാധനങ്ങൾ കടത്തി നികുതി വെട്ടിപ്പ് നടത്തുന്നത് ചെക്ക് പോസ്റ്റുകളിൽ സെയിൽസ് ടാക്സും എക്സൈസ് വകുപ്പും പരിശോധിച്ച് കർശന നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 12% എൻട്രി ടാക്സ് ഏർപ്പെടുത്തിയിരിക്കുന്നതുകാരണം കേരളത്തിലെ നിരവധി വാഹനങ്ങൾ കർണ്ണാടകം ഉൾപ്പെടെ അന്യ സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്യുന്ന നടപടി അവസാനിപ്പിക്കുന്നതിനായി എൻട്രി ടാക്സ് ഒഴിവാക്കണമെന്ന് ധനകാര്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അന്തർ സംസ്ഥാന ടൂറിസ്റ്റ് പെർമിറ്റുള്ള ബസ്സുകൾ കെ.എസ്.ആർ.ടി.സി. സ്റ്റാന്റുകൾ കേന്ദ്രീകരിച്ച് സർവ്വീസ് നടത്തുന്നത് തടയാൻ മോട്ടോർ വാഹന വകുപ്പിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ യാത്രാ ചാർജ്ജ് കുറവാണെങ്കിലും സൗകര്യങ്ങൾ കുറവായതുകൊണ്ട് സ്വകാര്യ ബസ്സുകളെ ആശ്രയിക്കുന്നതിൽ മാറ്റം വരുത്താൻ കൂടുതൽ സൗകര്യങ്ങളോടുകൂടിയ ബസ്സുകൾ

വാങ്ങിക്കുന്നതാണെന്ന് മന്ത്രി അറിയിച്ചു. സാമ്പത്തിക ബുദ്ധിമുട്ടു കാരണം ബസ്സുകൾ വാടക

യ്ക്കെടുത്ത് സർവ്വീസ് നടത്തുന്നതിനെ സംബന്ധിച്ച് ചർച്ച നടത്തി ജീവനക്കാർക്കും ട്രേഡ് യൂണിയനുകൾക്കുമുള്ള ആശങ്ക ദൂരീകരിക്കുന്നതാണ്.

186(*554) <u>കിൻഫ്ര പാർക്കുകളിൽ വ്യവസായ സംരംഭകർക്ക് നൽകിവരുന്ന സൗകര്യങ്ങൾ</u>

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി) നൽകിയ മറുപടിയിൽ കിൻഫ്ര പാർക്കുകളിൽ വ്യവസായം ആരംഭിക്കുന്ന വ്യവസായ സംരംഭകർക്ക് യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ ഭൂമി, കെട്ടിടം, ജലം, വൈദ്യുതി, വാർത്താവിനിമയം മറ്റ് പൊതുസൗകര്യങ്ങൾ മുതലായവ നൽകിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. കിൻഫ്ര പാർക്കുകളിൽ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ആവശ്യമായ ലൈസൻസുകളും സർട്ടിഫിക്കറ്റുകളും നൽകുന്നതിനുള്ള ഏകജാലക ക്ളിയറൻസ് സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. വ്യവസായ നയത്തിൽ പ്രഖ്യാപിച്ച നാല് ഇൻഡസ്ട്രിയൽ സോണുകൾ ആരംഭിക്കുന്നതിന് ധൃതഗതിയിലുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കൊച്ചി എയർപോർട്ടിനും കൊച്ചി നഗരത്തിനുമിടയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന വ്യവസായ പാർക്കിന്റെ അക്വിസിഷനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനാവശ്യമായ ബഡ്ജറ്ററി സപ്പോർട്ടിന് ബുദ്ധിമുട്ടുള്ളതുകൊണ്ട് ധനകാര്യസ്ഥാപനങ്ങളിൽനിന്നും പണം കടമെടുക്കാനും ജോയിന്റ് പാർട്ട്ണേഴ്സിനെ കണ്ടുപിടിക്കാനും ശ്രമിക്കുകയാണ്. സംസ്ഥാന ഗവൺമെന്റിനുതന്നെ എക്സ്പോർട്ട് പാർക്കുകൾ തുടങ്ങാമെന്നതിനാൽ കിൻഫ്രാ പാർക്കുകളിൽ അസംസ്കൃത വസ്തുക്കൾ ഇറക്കുമതി ചെയ്യുന്നതിന് കൂടുതൽ ആനുകൂല്യങ്ങൾ കൊടുക്കാൻ കഴിയും. ഭക്ഷ്യ സംസ്കരണ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനുള്ള കേരളത്തിലെ നോഡൽ ഏജൻസി കിൻഫ്രയാണ്. കേന്ദ്ര ഗവൺമെന്റിന്റെ സഹായം ഫുഡ് പ്രോസ്സസ്സിംഗ് യൂണിറ്റുകൾക്ക് ലഭിക്കുന്നുണ്ട്. ഗ്രോത്ത് സെന്ററുകൾക്കുവേണ്ടി അക്വയർ ചെയ്ത സ്ഥലം പ്രയോജനപ്പെടുത്താനുള്ള സ്കീമുകൾ ആലോചിക്കുന്നുണ്ട്. തുമ്പ(എറണാകുളം), മഴുവന്നൂർ(എറണാകുളം), തലശ്ശേരി (കണ്ണൂർ), സീതൻകോളി (കാസർഗോഡ്), കല്പറ്റ (വയനാട്) എന്നിവിടങ്ങളിൽ നിലവിൽ വന്ന ഓരോ ചെറുകിട വ്യവസായ പാർക്കിനും 2 കോടി രൂപാ കേന്ദ്ര സഹായം അനുവദിച്ചിട്ടുണ്ട്. പത്തനംതിട്ടയിൽ കുന്നന്താനത്തും തൃശ്ശൂർ ജില്ലയിലെ കൊരട്ടിയിലും ആരംഭിക്കാൻ തീരുമാനിച്ച ചെറുകിട വ്യവസായ പാർക്കുകൾക്ക് രണ്ടു കോടി രൂപാ വീതം കേന്ദ്ര സഹായം ലഭിക്കുന്നതാണ്. ലാൻഡ് വാല്യൂ കൂടുതലായതിനാൽ ചെറുകിട വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനായി ഗവൺമെന്റിന്റേയും മറ്റ് ഏജൻസികളുടേയും കൈവശമുള്ള ഭൂമി കൺസഷനൽ റേറ്റിൽ കൊടുക്കാനുള്ള ഒരു പ്രൊപ്പോസൽ ഗവൺമെന്റിന്റെ

പരിഗണനയിലാണ്. അസൈഡ് (അസിസ്റ്റൻസ് ടു സ്റ്റേറ്റ് ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റ് ഫോർ എക്സ്പോർട്ട്) സ്കീമിന് 2002–2003 സാമ്പത്തിക വർഷത്തിൽ അനുവദിച്ച പതിനാറര

കോടി രൂപയിൽ ആദ്യ ഗഡുവായി അഞ്ചര കോടി രൂപ കിട്ടിക്കഴിഞ്ഞു. ഈ സ്കീം പ്രയോജനപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മന്ത്രി അറിയിച്ചു.

187(*555) <u>പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജ്മെന്റ് വിദഗ്ദ്ധരായ പ്രൊഫഷണൽ മാനേജർമാരെ ഏൽപിക്കുന്നതിന് നടപടി</u>

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജ്മെന്റ്, പ്രൊഫഷണലുകളെ ഏല്പിക്കുന്നതിനായുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞുവെന്നും ഇതിന്റെ ഭാഗമായി ചില ട്രെയിനിംഗ് പ്രോഗ്രാമുകൾ നടത്തിക്കഴിഞ്ഞുവെന്നും സഭയെ അറിയിച്ചു. ഇപ്പോൾ പല പൊതുമേഖലാ സ്ഥാപനങ്ങളിലേയും മാനേജിംഗ് ഡയറക്ടർമാർ ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്സുകാരാണ്. ഇവരിൽ പലരും ഐ.ഐ.ടി.യിൽ വൈദഗ്ദ്ധ്യമുള്ളവരാണ്. ഭാവിയിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ തലപ്പത്ത് ബിസിനസ്സ് മാനേജുമെന്റ്, ഇൻഡസ്ട്രിയൽ എഞ്ചിനീയറിംഗ്, ഇൻഡസ്ട്രിയൽ റിലേഷൻസ് എന്നീ കാര്യങ്ങളിൽ പ്രാവീണ്യമുള്ള എക്സ്പെർട്ട്സിനെ നിയമിക്കാൻ സാധിക്കുമെന്നാണ് വിശ്വസിക്കുന്നത്. പ്രൊഫഷണൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ കൺട്രോളോടുകൂടി ഷുഗർ ഫാക്ടറികളുടെ പ്രവർത്തനത്തിൽ നയപരമായ മാറ്റം വരുത്താൻ ഗവൺമെന്റ് ആലോചിക്കുകയാണെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

188(*556) <u>ഐ.ടി.ആക്ട്</u>

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ ഇൻഫർമേഷൻ ടെക്നോളജിയുടെ സാദ്ധ്യതകൾ സാധാരണ ജനങ്ങൾക്ക് പ്രാപ്യമാക്കുന്നതിന്റെ ഭാഗമായി ഈ രംഗത്ത് ആവശ്യമായ നിയമങ്ങൾ (ഐ.ടി.ആക്ട് 2000) കേന്ദ്ര സർക്കാർ കൊണ്ടുവന്നിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പ്രസ്തുത ഐ.ടി. ആക്ടിന്റേയും നിലവിലുള്ള ചട്ടങ്ങളുടേയും അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഐ.ടി. രംഗത്തുള്ള തെറ്റായ പ്രവണതകൾക്കെതിരെ പോലീസ് വകുപ്പിന് നടപടികൾ സ്വീകരിക്കാവുന്നതാണ്. നിലവിലുള്ള സംവിധാനം അപര്യാപ്തമാണെന്നുകണ്ടാൽ സംസ്ഥാനത്ത് സമഗ്രമായ ഒരു ഐ.ടി. ആക്ട് കൊണ്ടുവരുന്നതിന് നടപടി

സ്വീകരിക്കുന്നതാണ്. ഐ.ടി.രംഗത്ത് ഒരു റെഗുലേഷനുമില്ലാതെ ഫേക്കായിട്ടുള്ള ഇൻസ്റ്റിറ്റ്യൂഷൻസ് വരുന്നത് തടയുന്നതിന് കേന്ദ്ര ആക്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മന്ത്രി അറിയിച്ചു.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

189 (*557) <u>എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി</u>

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, ശ്രീ.ആർ.സി. ചൗധരി, ഐ.എ.എസ്.(റിട്ടയേർഡ്) ചെയർമാനായും പ്രിൻസിപ്പൽ സെക്രട്ടറി(വ്യവസായം), പ്രിൻസിപ്പൽ സെക്രട്ടറി(ധനകാര്യം), ബന്ധപ്പെട്ട ഭരണ വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറി/ സെക്രട്ടറി, ആസൂത്രണ വകുപ്പ് സെക്രട്ടറി, നിയമ വകുപ്പ് സെക്രട്ടറി, തൊഴിൽ വകുപ്പ് സെക്രട്ടറി, സെക്രട്ടറി– ബി.പി.ഇ., ആസൂത്രണ ബോർഡ് മെമ്പർ സെക്രട്ടറി എന്നിവർ മെമ്പർമാരായും ശ്രീ. എം. ദാമോദരൻ, ചെയർമാൻ(യു.ടി.ഐ.), ഡോ.സി.ജി. കൃഷ്ണദാസ് നായർ (മുൻചെയർമാൻ, എച്ച്.എ.എൽ) എന്നിവർ പാർട്ട്–ടൈം എക്സ്പെർട്ട് മെമ്പർമാരായും 8–11–2001–ൽ എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചു. ഈ സമിതി സമർപ്പിച്ച സമീപന രേഖയെക്കുറിച്ച് വിശദമായ പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്.

190 (*559) <u>ഖനിജാധിഷ്ഠിത വ്യവസായങ്ങളുടെ സാദ്ധ്യത</u>

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, മിനറൽസാൻഡ്, ചീനക്കളിമൺ, സിലിക്കാമണൽ, ക്വാർട്സ്, ചുണ്ണാമ്പുകല്ല്, ചുണ്ണാമ്പു കക്ക, ബോക്സൈറ്റ്, ഗ്രാഫൈറ്റ്, ഗ്രാനൈറ്റ് (വിസ്താരവിതാന ശിലകൾ) എന്നിവ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള വ്യവസായങ്ങളുടെ സാധ്യത കണ്ടെത്തിയിട്ടുണ്ടെന്ന് അറിയിച്ചു. മാപ്പിംഗ്, സർവെയിംഗ്, പിറ്റിംഗ്, ട്രഞ്ചിംഗ്, ഡ്രില്ലിംഗ് എന്നീ വിധത്തിലുള്ള പരീക്ഷണങ്ങൾ ഖനിജപര്യവേഷണ വിഭാഗം നടത്തിവരുന്നു.

191 (*560, *562) <u>സ്വാശ്രയ സഹകരണസംഘങ്ങൾ രൂപീകരിക്കാനുള്ള തീരുമാനം</u>

സഹകരണ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സർക്കാർ നിയന്ത്രണവും ഓഹരിപങ്കാളിത്തവും ഇല്ലാതിരിക്കുക, സംഘത്തിനുണ്ടാകുന്ന നഷ്ടത്തിന് അംഗങ്ങൾ തുല്യമായി ഉത്തരവാദികളായിരിക്കുക, ആഡിറ്ററെ നിയമിക്കാനുള്ള അധികാരം പൊതുയോഗത്തിനുണ്ടായിരിക്കുക തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സ്വാശ്രയസഹകരണസംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള നിയമനിർമ്മാണം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടെന്ന് അറിയിച്ചു.

192 (*564) കേരളത്തിൽ പ്രവർത്തിക്കുന്ന അന്തർ സംസ്ഥാന സഹകരണസംഘങ്ങൾ

സഹകരണ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, ഇൻഡ്യൻ കോഫി മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് ക്ലിപ്തം (കോമാർക്ക്) കർണ്ണാടക, സെൻട്രൽ അരക്കനട്ട് മാർക്കറ്റിംഗ് ആന്റ് പ്രോസ്സസ്സിംഗ് കോ-ഓപ്പറേറ്റീവ് ക്ലിപ്തം(കാംകോ), മംഗലാപുരം, റിപ്പാട്രിയേറ്റ് കോ-ഓപ്പറേറ്റീവ് ഫിനാൻസ് ഡവലപ്മെന്റ് ബാങ്ക് ക്ലിപ്തം (റെപ്കോ) ചെന്നൈ, തമിഴ്നാട്, ഫാർമേഴ്സ് അഗ്രോ പ്രൊഡക്ട്സ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സംഘം ക്ലിപ്തം (ഫാംകോ), തൊടുപുഴ, റബർ മാർക്കറ്റിംഗ് ആന്റ് പ്രോസ്സസ്സിംഗ് സഹകരണസംഘം ലിമിറ്റഡ് (റെബ്ടെക് ഇൻഡ്യ ലിമിറ്റഡ്) മംഗലാപുരം എന്നീ അന്തർ സംസ്ഥാന സഹകരണസംഘങ്ങൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിച്ചു. ഇതിൽ റിപ്പാട്രിയേറ്റ് കോ-ഓപ്പറേറ്റീവ് ഫിനാൻസ് ഡവലപ്മെന്റ് ബാങ്ക് ക്ലിപ്തം (റെപ്കോ) ചെന്നൈ, തമിഴ്നാട് മാത്രം ലാഭത്തിൽ പ്രവർത്തിക്കുന്നു.

193 (*566) ട്രേഡ് യൂണിയൻ റഫറണ്ടം ബിൽ

തൊഴിൽ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, ട്രേഡ് യൂണിയനുകൾക്ക് അംഗീകാരം നൽകുന്നതു സംബന്ധിച്ച ട്രേഡ് യൂണിയൻ റഫറണ്ടം ബിൽ കഴിയുന്നതും വേഗം നിയമമാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് അറിയിച്ചു. ഈ നിയമനിർമ്മാണം വഴി യൂണിയനുകളുടെ ബാഹുല്യം മൂലമുള്ള തൊഴിൽത്തർക്കങ്ങൾ പരിഹരിക്കുന്നതിലും കൂടുതൽ മെച്ചപ്പെട്ട വ്യവസായ ബന്ധം നിലനിറുത്തുന്നതിലും അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും. കൂടാതെ കൂടുതൽ നിക്ഷേപകരെ ആകർഷിക്കാനും സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

182 (3462) കേരള വെഞ്ചർ ക്യാപിറ്റൽ ഫണ്ടിൽനിന്നും സഹായധനം ലഭിക്കുന്ന വ്യവസായങ്ങൾ

ഇൻഫർമേഷൻ ടെക്നോളജി, ബയോടെക്നോളജി, തുടങ്ങിയ ഉന്നത സാങ്കേതിക മേഖലയിലുള്ള വ്യവസായങ്ങൾക്ക് കേരള വെഞ്ചർ ക്യാപിറ്റൽ ഫണ്ടിൽനിന്നും സഹായധനം നൽകുന്നു.

183 (3463) ചൈനീസ് കമ്പനിയായ ഹുനാൽ ഷേൻഡിയർ ഹോൾഡിയർ ഇന്റർനാഷണൽ ഷെയർഹോൾഡിംഗ് ഡെവലപ് ലിമിറ്റഡും സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡും ചേർന്നു വ്യവസായം തുടങ്ങാനുള്ള നീക്കം

21-6-2002-ൽ ചൈനയിലെ ഹാംഗ്ഷുവിൽ യു.എൻ.ഐ.സി.ഒ.യുടെ നിയന്ത്രണ

ത്തിലുള്ള എച്ച്.ഐ.സി/ഐ.എൻ.എസ്.എച്ച്.പി. എന്ന സ്ഥാപനത്തിൽവച്ച് സ്റ്റീൽ ഇൻഡസ്ട്രിയൽസിന്റെയും ചൈനീസ് കമ്പനിയായ എച്ച്.സി.ഐ.സി.ഡി. യുടെയും

മാനേജിംഗ് ഡയറക്ടർമാർ ഒപ്പുവച്ച കരാർ പ്രകാരമുള്ള സിനോ-ഇൻഡ്യ ടർബൈൻ മാനുഫാക്ചറിംഗ് കമ്പനി ലിമിറ്റഡ് എന്ന സംയുക്ത നിർമ്മാണ കമ്പനി ചേർത്തലയിലെ സ്റ്റീൽ ഇൻഡസ്ട്രിയൽസിന്റെ കീഴിലുള്ള സ്റ്റീൽ ഫേബ്രിക്കേഷൻ യൂണിറ്റിലാണ് നിലവിൽ വരുന്നത്. ഈ സ്ഥാപനത്തിന് കൂടുതലായി വേണ്ടിവരുന്ന യന്ത്രങ്ങളും മറ്റു സൗകര്യങ്ങളും ചൈനീസ് കമ്പനി സ്ഥാപിക്കുന്നതാണ്. ഇതിന് 70 ശതമാനം ചൈനീസ് കമ്പനിയും 30 ശതമാനം സിൽക്കും മുതൽ മുടക്കുന്നതാണ്.

184 (3486) <u>പ്രധാന നിരത്തുകൾ യാചകനിരോധിത മേഖലയാക്കാൻ നടപടി</u>

സംസ്ഥാനത്തെ നഗരങ്ങളിലേയും പട്ടണങ്ങളിലേയും പ്രധാന നിരത്തുകളിൽ യാചക നിരോധനം ഏർപ്പെടുത്തുന്നതിനായി ഒരു ഏകീകൃത നിയമം കൊണ്ടുവരാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

185 (3512) <u>പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ സ്ഥാപിക്കാൻ നടപടി</u>

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എറണാകുളത്തും കോഴിക്കോട്ടും ഓരോ റീജിയണൽ പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ആരംഭിച്ചു. കേരളത്തിൽ ഇപ്പോൾ തിരുവനന്തപുരത്ത് ഒരു പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് ആഫീസും എറണാകുളത്തും കോഴിക്കോട്ടും ഓരോ റീജിയണൽ പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും നിലവിലുണ്ട്.

186 (3520) <u>ഉപഭോക്തൃ വിലസൂചിക</u>

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 1998-99 അടിസ്ഥാന വർഷമാക്കി 2001 ഒക്ടോബർ മാസം മുതൽ ഉപഭോക്തൃ വിലസൂചിക പരിഷ്ക്കരിച്ചു..

.........